(ഡി) ഉണ്ട്.

(ഇ) അല്ല. ഇ.ആർ.സി. യുടെ ആസ്ഥാനം തിരുവനന്തപുരത്തായതു കൊണ്ടാണ് അദ്ദേഹത്തെ കെൽട്രോൺ ചെയർമാനായി മാറ്റിനിയമിച്ചത്.

(എഫ്) 2002-03 വർഷത്തിൽ 40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) ശ്രീ. ആർ.സി. ചൗധരി, ഐ.എ.എസ്. (റിട്ട.) ചെയർമാനും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, അതത് ഭരണ വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർ, ആസൂത്രണ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പുസെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറി, ബി.പി.ഇ. സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡിന്റെ മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളും, ഡോ. സി.ജി. കൃഷ്ണദാസ് നായർ (മുൻ ചെയർമാൻ, ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്), ശ്രീ.പി. ത്യാഗരാജൻ, ഐ.ആർ.എസ്. (റിട്ട.) (മുൻ പ്രിൻസിപ്പൽ കമ്മീഷണർ ഓഫ് ഇൻകം ടാക്സ്, കേരളം) എന്നിവർ പാർട്ട് ടൈം വിദഗ്ദ്ധ അംഗങ്ങളുമാണ്.

പൊതുമേഖലാ വ്യവസായ രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ

10 (4170) ശ്രീ. പി. സി. ജോർജ് :
ഡോ. തോമസ് ഐസക് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ വ്യവസായരംഗത്ത് എന്തെല്ലാം പരിഷ്ക്കാരങ്ങൾ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; സർക്കാരിന്റെ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തെല്ലാം പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയുണ്ടായി ;

(ബി) പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ തിരിച്ചടി ഉണ്ടായോ എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെയും തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു പൊതുമേഖലാ വ്യവസായ പുനഃസംഘടനയെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) സ്വന്തം വിഭവ സമാഹരണത്തിലൂടെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമായി മാറ്റാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം പൊതുമേഖലാ വ്യവസായങ്ങൾക്ക് നൽകിയ ഓഹരിമൂലധനം, വായ്പാ മൂലധനം, സബ്സിഡികൾ, ഗ്രാന്റുകൾ, ഗവൺമെന്റ് ഗ്യാരണ്ടി തുടങ്ങിയവയെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ വിശദമായ പഠന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നു. ഇതേവരെ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ഏതാനും പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡ് വഴി സർക്കാരിനു സമർപ്പിക്കുകയും സർക്കാർ അതിൽ 17 എണ്ണത്തിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കഴിയുന്നതും പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർമേഖലയിൽ തന്നെ നിലനിർത്തിയും, മറ്റു ചിലവയെ സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിച്ചും നിലനിർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പിരിഞ്ഞുപോകേണ്ടിവരുന്ന ജീവനക്കാർക്കായി ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിന് പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരിച്ചടി ഉണ്ടായതായി കരുതുന്നില്ല.

(സി). സംസ്ഥാനത്തിന്റെയും തൊഴിലാളികളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള പൊതുമേഖലാ വ്യവസായ പുനഃസംഘടനാ പദ്ധതികളാണ് ഇ.ആർ.സി. മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

(ഡി) സ്വന്തം വിഭവസമാഹരണത്തിലൂടെ താഴെ പറയുന്ന കമ്പനികൾ അടുത്തകാലത്തായി ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

1. ടെൽക്ക്
2. കേരള ആട്ടോമൊബൈൽസ്.
3. കെൽട്രോൺ കോംപണന്റ് കോംപ്ലക്സ്.
4. കെ.എസ്.ഐ.ഇ.
5. കേരള ക്ലേയ്സ് ആന്റ് സിറാമിക്സ്.
6. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

12 (4172) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly